LIBRARY ARCHIVES Kerala Legislative Assembly

എക്സ്‌റെ ഫോട്ടോ

*947. [10] ശ്രീ. വയലാ ഇടിക്കുള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ദിനംപ്രതി ശരാശരി തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ എത്ര എക്സ്‌റെ ഫോട്ടോവീതം എടുക്കുന്നുണ്ടെന്നുപറയുവാൻ ദയവുണ്ടാകുമോ ;

(ബി) ഇങ്ങനെ എക്സ്‌റെ ഫോട്ടോ എടുപ്പിക്കുന്ന ആളുകളിൽ എത്ര പേരിൽനിന്നും ഒരു ദിവസം ഫീസ് ഈടാക്കുന്നുണ്ട് ;

(സി) ഒരു എക്സ്‌റേ ഫോട്ടോയ്ക്ക് ഗവണ്മെൻറിന് എത്ര ചെലവാകുന്നുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 130–നും, 150–നും ഇടക്ക്.

(ബി) പ്രതിമാസം 200 രൂപയോ അതിൽ കൂടുതലായോ വരുമാനമുള്ള രോഗികളിൽനിന്ന് ഫീസ് ഈടാക്കുന്നുണ്ട്.

(സി) ഉദ്ദേശം 15 രൂപ.

ശ്രീ. പി. രവീന്ദ്രൻ : പ്രൈവറ്റ് ഡാക്ടർമാരുടെ ചിറ്റുമായി വരുന്ന ആളുകൾക്ക് എക്സ്‌റേ സൗകര്യം മെഡിക്കൽകോളേജ് ആശുപത്രിയിൽ ചെയ്തുകൊടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയുള്ള സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ട്. പക്ഷേ അതിനു ഫുൾചാർജ് ഈടാക്കുന്നുണ്ട്.

ഡാക്ടർ കെ. എം. ചാക്കോ : എം. എൽ. എ. മാക്ക് നമ്മുടെ സംസ്ഥാനത്തിലെ ആശുപത്രികളിൽ സൗജന്യ വൈദ്യസഹായം നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ അതു അനുവദിക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഇപ്പോൾ അങ്ങനെയില്ല. പക്ഷേ അതു അനുവദിക്കണമെന്ന അഭിപ്രായം കുറേശെയായി പുറത്തുവരുന്നുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : എക്സ്‌റേക്ക് 15 രൂപ ചെലവാകുന്നുണ്ടെന്നു പറഞ്ഞു. പ്രൈവറ്റ് ആശുപത്രികളിലൊക്കെ ഇതിനു 10 രൂപയാണ് ചെലവാക്കുന്നതു്. അപ്പോൾ ഇത്ര വലിയസംഖ്യ ഗവണ്മെൻറിനു ചെലവാകുന്നതു് എന്തുകൊണ്ടാണു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 15 രൂപ മൊത്തം എസ്റ്റാബ്ലിഷ്മെൻറിൻറെ ചെലവായിട്ടാണ്. ഫോട്ടോക്കുമാത്രം ഇത്ര ചെലവു വരുകയില്ല.

സർവ്വേചെയ്യാത്ത പ്രദേശങ്ങൾ

*948. [11] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ സർവ്വേചെയ്തിട്ടില്ലാത്ത പ്രദേശങ്ങൾ പുതുതായി സർവ്വേ ചെയ്യാനുള്ള നടപടികൾ എത്രത്തോളമായി ;

(ബി) ഇന്നു നിലവിലുള്ള സ്റ്റാഫിനെക്കൊണ്ട് സർവ്വേപ്രവൃത്തി എപ്പോഴേയ്ക്ക് പൂർത്തിയാക്കാൻ കഴിയും ;

(സി) പ്ലാൻ സ്കീം സർവ്വേയറന്മാർ എൻ. ജി. ഒ. സംഘടനമുഖേന ആവശ്യപ്പെട്ട അവരുടെ അവകാശങ്ങൾ അനുവദിച്ചുകൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടികൾ എടുത്തു ?